//

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 890 — 30.06.2011 ൽ മറുപടിക്ക്

## റാന്നി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) റാന്നി നിയോജക മണ്ഡലത്തിലെ 12 പഞ്ചായത്തുകളിൽ 2011 ജനുവരി മുതൽ 2011 മേയ് 31 വരെ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പേരും തുകയും വ്യക്തമാക്കുമോ ; | (എ) കെട്ടിട്ട വിഭാഗം<br>കെട്ടിട വിഭാഗത്തിൽ ശബരിമല പി.ഡബ്ല്യു.ഡി. ക്യാമ്പ് ഷെഡ് നവീകരണം എന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.<br>ടെണ്ടർ തുക - 14,20,000/-<br>റോഡുകളും പാലങ്ങളും വിഭാഗം<br>പ്രവൃത്തിയുടെ പേരും തുകയും വ്യക്തമാക്കുന്ന ലിസ്റ്റ് അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിൽ ടെണ്ടർ എടുക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണ് ; | (ബി) കരാർ എടുക്കാത്ത പ്രവൃത്തിയുടെ ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. |
| (സി) ടെണ്ടർ എടുത്ത പ്രവൃത്തികളിൽ പൂർത്തിയാക്കിയവ എത്രയെണ്ണം; അവ ഏതൊക്കെ; | (സി) ടെണ്ടർ എടുത്ത പ്രവൃത്തികളിൽ പൂർത്തിയായവ റാന്നി മണ്ഡലത്തിൽ ഇല്ല. |
| (ഡി) പൂർത്തീകരിക്കാൻ ഉള്ളവയിൽ എഗ്രിമെന്റ് വെയ്ക്കാത്ത വർക്കുകളുണ്ടോ . അവ ഏതൊക്കെ ; | (ഡി) എഗ്രിമെന്റ് വയ്ക്കാനുള്ളവയുടെ ലിസ്റ്റ് അനുബന്ധം (സി) ആയി ചേർത്തിട്ടുണ്ട്. |
| (ഇ) ഇവയുടെ അടക്കം ടെണ്ടർ എടുക്കാത്ത പ്രവൃത്തികൾ റീടെണ്ടർ ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവയുടെ നിർമ്മാണം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ഇ) ഇവയ്ക്ക് ഗവൺമെന്റ് ഉത്തരവുപ്രകാരം പത്രപരസ്യം നൽകുകയും ഗവൺമെന്റ് വെബ് സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. കരാറുകാർ എടുക്കാത്ത പ്രവൃത്തികൾ റീടെണ്ടർ ചെയ്തു. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ജോലികൾ ആരംഭിക്കുവാനുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുകയും അവയ്ക്ക് വേണ്ടതായ എഗ്രിമെന്റ് വെയ്ക്കുകയും പണികൾ ആരംഭിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്യുന്നത് |

അനുബന്ധം സെക്ഷനിൽ ലഭ്യമാണ്.

(എഫ്) ശബരിമലയിലേക്കുള്ള റോഡുകൾ ഹെവി മെയിന്റൻസ് പദ്ധതിയിൽ ടാർ ചെയ്യുന്നതിനായി എത്ര പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിരിക്കുന്നത് ; അവ ഏതൊക്കെ ; ഓരോ പ്രവൃത്തിയുടെയും തുക എത്ര വീതമാണ് ; എന്നാണ് ടെണ്ടർ ചെയ്തത് . ആരാണ് ടെണ്ടർ എടുത്തിട്ടുള്ളത്; ഇവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ശബരിമലയിലേക്കുള്ള റോഡുകൾ ഹെവി മെയിന്റനൻസ് പദ്ധതിയിൽപ്പെടുത്തി ടാർ ചെയ്യുന്നതിനായി മൂന്നു റോഡുകൾ ആണ് ടെണ്ടർ ചെയ്തിരിക്കുന്നത്.

| പ്രവൃത്തിയുടെ പേര് | ടെണ്ടർ തീയതി | കരാറുകാരന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| മണ്ണാറക്കുളഞ്ഞി - പമ്പ റോഡ്- കി.മി. 0/00 മുതൽ 32/00 വരെ | 23.02.2010 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 17.12 കോടി രൂപ |
| മണ്ണാറക്കുളഞ്ഞി - പമ്പ റോഡ്- കി.മി. 32/00 മുതൽ 53/480 വരെ | 12.2.2010 | ടി. | 8.86 കോടി |
| കണ്ണമല - ഇലവുങ്കൽ റോഡ് കി.മി.0/00 മുതൽ 9/910 വരെ | 17.3.2010 | ടി. | 5.67 കോടി |

ജി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും റീടെണ്ടർ ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ജി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ റീടെണ്ടർ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(എച്ച്) ചിറ്റാർ - അച്ചൻകോവിൽ റോഡ് നിർമ്മാണത്തിന് ഇതേവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ; വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) ചിറ്റാർ-അച്ചൻകോവിൽ റോഡിന്റെ നിർമ്മാണത്തിന് ഇതുവരെയായി 996 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഐ) ഈ റോഡിലെ നീലിപിലാവ് വനത്തിലെ 1,600 കി.മീ.ദൂരം റോഡ് നിർമ്മാണം പൂർത്തിയാക്കാൻ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാനായി പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ,

(ഐ)ചിറ്റാർ-അച്ചൻകോവിൽ റോഡിൽ ഇനിയും പൂർത്തിയാകുവാനുള്ള 1.6 കി.മി.ദൂരം റോഡിനു വേണ്ട സർവ്വേ നടത്തി ആവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി ടി റോഡിന്റെ സ്കെച്ചും ഭൂമിയെ സംബന്ധിച്ച രേഖകളും വനംവകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ രേഖകളും ഡി.എഫ്.ഒ. റാന്നിക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പ് ആവശ്യപ്പെട്ട വിശദീകരണങ്ങളും നൽകിയിട്ടുണ്ട്.

| | |
|---|---|
| (ജെ) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ് ? | (ജെ) ശബരിമലയിലെ ക്രമീകരണങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി 02.06.2011 ൽ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിന്റെ മിനിട്ട്സ് അനുബന്ധം (ഡി) ആയി നൽകിയിട്ടുണ്ട് |

സെക്ഷൻ ആഫീസർ